**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **09-02-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഇൻഷ്വറൻസ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ) ഇൻഷ്വറൻസ് വിഹിതത്തിന്റെ 20% ഹെൽത്ത് ഏജൻസിക്ക് നൽകണമെന്ന ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഫണ്ട് ഉപയോഗത്തിനായുള്ള മാർഗ്ഗ നിർദേശങ്ങൾ പുതുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട് .** |
| (ബി) | ഇൻഷ്വറൻസ് വിഹിതത്തിന്റെ 15% ആശുപത്രി ജീവനക്കാർക്ക് ഇൻസെന്റീവായി നൽകാനുള്ള നീക്കം താൽക്കാലികമായി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഫണ്ട് ഉപയോഗത്തിനായുള്ള മാർഗ്ഗ നിർദേശങ്ങൾ പുതുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട് .** |
| (സി) | സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് പരിശോധനകൾക്കും മരുന്നുകൾ വാങ്ങുന്നതിനും പുറത്തുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി അതാത് സർക്കാർ ആശുപത്രികളിൽ തന്നെ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം വാർഷിക ഇൻഡന്റ് മുഖേന ലഭ്യമാകുന്ന ഏതെങ്കിലും മരുന്നുകൾക്ക് താത്കാലികമായി ലഭ്യത കുറവ് ഉണ്ടാകുന്ന സാഹചര്യത്തിലോ അവശ്യ മരുന്ന് പട്ടികയിൽ ഉൾപെടാത്തതും കെ.എം.എസ്.സി .എൽ മുഖാന്തിരം ലഭ്യമാകാത്തതുമായ മരുന്നുകൾ ഉണ്ടെങ്കിൽ അവയോ സർക്കാരിന്റെ വിവിധ പദ്ധതികളായ KASP, RBSK, JSSK തുടങ്ങിയവയുടെയും HMC യുടെയും ഫണ്ടുപയോഗിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമെ വേറെ ഏതെങ്കിലും മരുന്നുകൾ ആവശ്യമായി വരികയാണെങ്കിൽ ആശുപത്രിയുടെ സമീപത്തുള്ള നീതി/മാവേലി മെഡിക്കൽ സ്റ്റോറുകളിൽ നിന്നോ മറ്റു മെഡിക്കൽ സ്റ്റോറിൽ നിന്നോ ലഭ്യമാകുന്നു. ആശുപത്രികളിൽ ലഭ്യമല്ലാത്ത പരിശോധനകൾ KASP, RBSK, JSSK തുടങ്ങിയ പദ്ധതികളിലെ ഫണ്ടുപയോഗിച്ച് മറ്റ് ലാബുകളിൽ നിന്നും രോഗികൾക്ക് സേവനം ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ